**മഹാത്മാ ഗാന്ധി സർവ്വകലാശാല**

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

***പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-*** 686560

***ഫോൺ:*** 0481-2733370

## വാർത്താക്കുറിപ്പ്

**2024 ഓക്ടോബർ 14**

---

**ശിൽപ്പശാല ഇന്ന്**

# കുടുംബശ്രീ അംഗങ്ങൾക്ക് ഡ്രോൺ പരിശീലനം നൽകാൻ എം.ജി സർവകലാശാല

*കാർഷിക മേഖലയിൽ ഡ്രോൺ സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി കുടുംബശ്രീ മിഷൻ മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസുമായി ചേർന്ന് അംഗങ്ങൾക്ക് പരിശീലനം നൽകുന്നു.*

*കേന്ദ്ര സർക്കാരിന്റെ ഡ്രോൺ ദീദി പ്രോഗ്രാമിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും തിരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ അംഗങ്ങൾക്കായി ഡ്രോൺ പരിശീലന പരിപാടി നടത്തിയിരുന്നു. ഇങ്ങനെ പരിശീലനം നേടിയവർക്ക് ഡ്രോൺ സാങ്കേതിക വിദ്യയെക്കുറിച്ച് കൂടുതൽ അറിവും ഡ്രോണുകൾ ഉപയോഗിക്കുന്നതിനും അനുകുനുപ്പണികൾ നടത്തുന്നതിനുള്ള വൈദഗ്ധ്യവും ലഭ്യമാക്കുകയാണ് കുടുംബശ്രീ മിഷനും മഹാത്മാ ഗാന്ധി സർവകലാശാലയുമായുള്ള സഹകരണത്തിലൂടെ ലക്ഷ്യമിടുന്നത്.*

*നെൽവിത്തു വിതയ്ക്കൽ, വളമിടൽ, വിളകളുടെ രോഗനിർണയം തുടങ്ങിയവയ്ക്ക് ഡ്രോണുകൾ ഉപയോഗിക്കാനാകും. അംഗങ്ങളായ വനിതകൾ ഈ മേഖലയിൽ വൈദഗ്ധ്യം നേടുന്നത് കാർഷിക മേഖലയിൽ മാറ്റങ്ങൾക്ക് വഴിതെളിക്കുമെന്നാണ് കുടുംബശ്രീ മിഷൻ വിലയിരുത്തുന്നത്.*

*സംസ്ഥാനത്ത് ഡ്രോൺ പരിശീലനം നൽകുന്ന ഏക സർവകലാശാലയാണ് എംജി. സർവകലാശാലയുടെ സ്കൂൾ ഓഫ് എൻവയോൺമെൻറൽ സയൻസസ് ഈ വർഷം ആദ്യം ആരംഭിച്ച കോഴ്സിൽ ഇതിനോടകം നൂറോളം പേർ പരിശീലനം പൂർത്തിയാക്കി പൈലറ്റ് ലൈസൻസ് നേടി.*

*കുടുംബശ്രീ വനിതകൾക്ക് പരിശീലനം നൽകുന്നതിനു മുന്നോടിയായുള്ള ഏകദിന ശിൽപ്പശാല ഇന്ന് (ഒക്ടോബർ 15) സർവകലാശാലയിൽ നടക്കും.*

*സ്കൂൾ ഓഫ് എൻവയോൺമെൻറൽ സയൻസസിൽ രാവിലെ പത്തിന് നടക്കുന്ന ചടങ്ങിൽ വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫ. ബീന മാത്യു ശില്പശാല ഉദ്ഘാടനം ചെയ്യും. വകുപ്പ് മേധാവി ഡോ. മഹേഷ് മോഹൻ അധ്യക്ഷത വഹിക്കും. കുടുംബശ്രീ സംസ്ഥാന പ്രോഗ്രാം ഓഫീസർ ഡോ. എസ്. ഷാനവാസ് പദ്ധതിയെക്കുറിച്ച് വിശദീകരിക്കും.*

*കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ അഭിലാഷ് കെ. ദിവാകർ മുഖ്യ പ്രഭാഷണം നടത്തും. സ്കൂൾ ഓഫ് എൻവയോമെന്റൽ സയൻസസ് ഡീൻ പ്രൊഫ. കെ.ആർ. ബൈജു, കുടുംബശ്രീ ജില്ലാ പ്രോഗ്രാം മാനേജർ അനൂപ് ചന്ദ്രൻ, കോഴ്സ് കോ-ഓർഡിനേറ്റർ ഡോ. എബിൻ വർഗീസ്, കുടുംബശ്രീ ജില്ലാ മിഷൻ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ പ്രകാശ് ബി. നായർ, അതിരമ്പുഴ സി.ഡി.എസ് ചെയർ പേഴ്സൺ ഷെബീന നിസ്സാർ എന്നിവർ സംസാരിക്കും.*

*വിവിധ ജില്ലകളിൽ നേരത്തെ ഡ്രോൺ പരിശീലനം നേടിയ വനിതകളും യന്ത്രവത്കൃത പരിശീലന ടീമംഗങ്ങളും പരിപാടിയിൽ പങ്കെടുക്കും. ഇതോടനുബന്ധിച്ച് ഡ്രോണിൻറെ പ്രവർത്തനം, റിപ്പയറിംഗ് എന്നിവയെക്കുറിച്ചുള്ള ബോധവത്കരണവും പ്രദർശനവും സംഘടിപ്പിച്ചിട്ടുണ്ട്.*
*(പി.ആർ.ഒ/39/919/2024)*

## എം.ജിയിൽ രാജ്യാന്തര നാനോ ഫെസ്റ്റ് സംഘടിപ്പിച്ചു

*മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് നാനോസയൻസ് ആന്റ് നാനോടെക്നോളജിയുടെ ആഭിമുഖ്യത്തിൽ രണ്ടാമത് രാജ്യാന്തര നാനോഫെസ്റ്റ് സംഘടിപ്പിച്ചു. അന്താരാഷ്ട്ര നാനോ ടെക്നോളജി ദിനത്തോടനുബന്ധിച്ച് നടത്തിയ പരിപാടി സർവകലാശാലാ രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.*

*വകുപ്പ് ഡയറക്ടർ പ്രഫ. സാബു തോമസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ അമേരിക്കയിലെ ഓക്‌ലൻഡ് സർവകലാശാലയിലെ പ്രൊഫ. ഗോപാലൻ ശ്രീനിവാസൻ, മെക്സിക്കോ ന്യൂവോ ലെയോൺ സർവകലാശാലയിലെ പ്രഫ. സദാശിവൻ ഷാജി എന്നിവർ ഓൺലൈനിൽ മുഖ്യപ്രഭാഷണം നടത്തി.*

*സ്കൂൾ ഓഫ് നാനോസയൻസ് ആന്റ് നാനോടെക്നോളജി ജോയിന്റ് ഡയറക്ടർ ഡോ. എം.എസ്. ശ്രീകല, കൺവീനർ കെ. പ്രമോദ്, പ്രഫ. എം.ആർ. അനന്തരാമൻ, ഡോ. കെ.എസ്. ജോഷി, ഡോ. മനോജ് മോഹൻ, ഡോ. സാജു ജോസഫ്, ഡോ. ചിത്രലേഖ, ഡോ. കെ.പി. ജയചന്ദ്രൻ എന്നിവർ സംസാരിച്ചു.*

*തിരുവനന്തപുരം സി.എസ്.ഐ.ആർ നിസ്റ്റിലെ ശാസ്ത്രഞ്ജൻമാരായ ഡോ. കെ.പി. സുരേന്ദ്രൻ, ഡോ. സൂരജ് സോമൻ, കാസർകോട് കേന്ദ്ര സർവകലാശാലയിലെ പ്രഫ. ഫ. സ്വപ്ന എസ്. നായർ, അൽസ്റ്റോണിയ ബയോ കമ്പനിയിലെ ശാസ്ത്രജ്ഞൻ ഡോ. ഉണ്ണികൃഷ്ണൻ, ഖത്തർ യൂണിവേഴ്സിറ്റിയിലെ ഡോ. ദീപാലക്ഷ്മി പൊന്നമ്മ, ബാംഗ്ലൂർ സാൻഡിസ്കിലെ എൻജിനീയർ മിഥുൻ എന്നിവർ വിവിധ സെഷനുകളിൽ പ്രഭാഷണം നടത്തി.*

*നാനോടെക്നോളജി മേഖലയിലെ പുതിയ അറിവുകൾ പങ്കുവയ്ക്കുകയും ഭാവി സാധ്യതകൾ ചർച്ച ചെയ്യുകയും ചെയ്ത പരിപാടിയോടനുബന്ധിച്ച് ഓപ്പൺ ഹൗസ്, പ്രദർശനം, ക്വിസ് മത്സരം, പുരസ്കാരദാനം എന്നിവയും സംഘടിപ്പിച്ചു.*

*രാജ്യാന്തര തലത്തിലെ പ്രമുഖ നാനോ ടെക്നോളജി വിദഗ്ധർ, ശാസ്ത്രജ്ഞർ, വ്യവസായികൾ, വിദ്യാർഥികൾ, അധ്യാപകർ തുടങ്ങി മുന്നൂറിലധികം പ്രതിനിധികൾ കോൺഫറൻസിൽ പങ്കെടുത്തു. സർവകലാശാലയിലെ സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ്, സ്കൂൾ ഓഫ് പോളിമർ സയൻസ് ആന്റ് ടെക്നോളജി, ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസ്*

*ആന്റ് നാനോടെക്നോളജി എന്നിവയുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പത്.*
*(പി.ആർ.ഒ/39/920/2024)*

## എം.ജി പ്രൈവറ്റ് യുജി, പിജി; ഒക്ടോബർ 31 വരെ അപേക്ഷിക്കാം

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ പ്രൈവറ്റ് രജിസ്ട്രേഷൻ ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകളിൽ പ്രവേശനത്തിനുള്ള അപേക്ഷകൾ സൂപ്പർ ഫൈനോടുകൂടി ഒക്ടോബർ 31 വരെ സ്വീകരിക്കും.*
*(പി.ആർ.ഒ/39/921/2024)*

## യൂണിയൻ തെരഞ്ഞെടുപ്പ് മാറ്റി

*മഹാത്മാ ഗാന്ധി സർവകലാശാലാ യൂണിയൻ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ഒക്ടോബർ 23 ലേക്ക് മാറ്റി. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.*
*(പി.ആർ.ഒ/39/922/2024)*

## പിഎച്ച്ഡി ടൈം ടേബിൾ

*മഹാത്മാ ഗാന്ധി സർവകലാശാല ഈ വർഷത്തെ പിഎച്ച്ഡി പ്രവേശന പരീക്ഷയുടെ ടൈം ടേബിൾ പ്രസിദ്ധീകരിച്ചു. ഹാൾ ടിക്കറ്റ് ഇന്നു(ഒക്ടോബർ15) മുതൽ പോർട്ടലിൽനിന്ന്(*http://researchonline.mgu.ac.in*) ഡൗൺലോഡ് ചെയ്യാം.*

*(പി.ആർ.ഒ/39/923/2024)*

## വൈവ വോസി

*ആറാം സെമസ്റ്റർ ബിഎ ഇക്കണോമിക്സ് സിബിസിഎസ്എസ് (2009 മുതൽ 2012 വരെ അഡ്മിഷനുകൾ ഇംപ്രൂവ്മെന്റും മെഴ്സി ചാൻസും ഒക്ടോബർ 2022) പരീക്ഷയുടെ പ്രൊജക്റ്റ് വൈവാ വോസി പരീക്ഷകൾ ഒക്ടോബർ 25 ന് തൃപ്പൂണിത്തുറ ഗവൺമെന്റ് ആർട്സ് കോളജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*
*(പി.ആർ.ഒ/39/924/2024)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*അഞ്ചാം സെമസ്റ്റർ സിബിസിഎസ് (പുതിയ സ്കീം 2022 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2017 അഡ്മിഷന് ആദ്യ മെഴ്സി ചാൻസ്), അഞ്ചാം സെമസ്റ്റർ സിബിസിഎസ് ബിഎസ്സി സൈബർ ഫോറൻസിക്ക് (2022 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്) പരീക്ഷകൾക്ക് ഒക്ടോബർ 23 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഒക്ടോബർ 28 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ ഒന്നു വരെയും അപേക്ഷ സ്വീകരിക്കും.*

……………….

*മൂന്നാം സെമസ്റ്റർ സിബിസിഎസ് (പുതിയ സ്കീം 2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്), മൂന്നാം സെമസ്റ്റർ സിബിസിഎസ് ബിഎസ്സി സൈബർ ഫോറൻസിക്ക് (2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്) പരീക്ഷകൾക്ക് ഒക്ടോബർ 25 വരെ ഫീസ് അടച്ച് അപേക്ഷിക്കാം.*

*ഫൈനോടുകൂടി ഒക്ടോബർ 30 വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ നാലു വരെയും അപേക്ഷ സ്വീകരിക്കും.*

………………

*മൂന്നാം സെമസ്റ്റർ ബിഎഡ് ഡിഗ്രി (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ 2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ റീ അപ്പിയറൻസ്, 2021 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2020 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2019 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ്-ദ്വിവത്സര കോഴ്സ്) പരീക്ഷകൾ നവംബർ എട്ട് മുതൽ നടക്കും. ഒക്ടോബർ 23 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഒക്ടോബർ 24 വരെയും സൂപ്പർ ഫൈനോടുകൂടി ഒക്ടോബർ 25 വരെയും അപേക്ഷ സ്വീകരിക്കും.*
*(പി.ആർ.ഒ/39/925/2024)*

## ഹ്രസ്വകാല റെഗുലർ ഫുൾ ടൈം പ്രോഗ്രാം

*മഹാത്മാഗാന്ധി സർവകലാശാലയിലെ ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട് ടേം പ്രോഗ്രാംസ് (ഡിഎഎസ്പി) നടത്തുന്ന റഗുലർ ഫുൾ ടൈം, ഹ്രസ്വകാല പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ബിസിനസ് ഡാറ്റാ ആന്റ് അനാലിസിസ് പ്രോഗ്രാമിൽ പ്രവേശനത്തിന് ഇപ്പോൾ അപേക്ഷിക്കാം. യോഗ്യത ബിരുദം. വിശദവിവരങ്ങൾ വെബ് സൈറ്റിൽ (*www.dasp.mgu.ac.in). *ഫോൺ-8078786798,0481-2733292.*
*(പി.ആർ.ഒ/39/926/2024)*

## പരീക്ഷാ ഫലം

*ഒന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ അപ്ലിക്കേഷൻ (2023 അഡ്മിഷൻ റെഗുലർ, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ജനുവരി 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 29 വരെ അപേക്ഷ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.*

……………………..

*മൂന്നും നാലും സെമസ്റ്റർ എംഎ ഇസ്ലാമിക് ഹിസ്റ്ററി (പ്രൈവറ്റ് 2022 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി മെയ് 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 29 വരെ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.*
*(പി.ആർ.ഒ/39/927/2024)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**